## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4717** **26/06/2019- ൽ മറുപടിയ്ക്ക്**

### റബറിന് താങ്ങുവില

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | റബറിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്ര രൂപയാണ്; എന്നാണ് ഈ തുക നിശ്ചയിച്ചത്; ഇതിനോടകം എത്ര കർഷകർക്ക് പ്രൊഡക്ഷൻ ഇൻസൻറ്റീവ് ലഭ്യമാക്കാൻ കഴിയുന്നുണ്ട്; കഴിഞ്ഞ വർഷം എത്ര രൂപ പ്രൊഡക്ഷൻ ഇൻസൻറ്റീവ് ഇനത്തിൽ നൽകി; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) റബ്ബറിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില കിലോ ഒന്നിന് 150/- രൂപയാണ്. 2015-16 സാമ്പത്തിക വർഷമാണ് ഈ തുക നിശ്ചയിച്ചിട്ടുള്ളത്.<br>2015-16-ൽ ആരംഭിച്ച റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി അന്ന് മുതൽ തുടർന്ന് വരികയാണ്. റബ്ബർ ബോർഡിന്റെ 2016-17- ലെ വാർഷിക പദ്ധതി റിപ്പോർട്ടിൽ 1864 റബ്ബർ ഉല്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വർഷം ലഭിച്ച 70215 അപേക്ഷകൾ ഉൾപ്പെടെ 436696 അപേക്ഷകർ റബ്ബർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായും കാണുന്നു. 2017-18 മൂന്നാം ഘട്ടത്തിൽ 1873 റബ്ബർ ഉല്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 188739 അപേക്ഷകർ ഉൾപ്പെട്ടിട്ടുണ്ട്.<br>2018-19 വർഷം ബഡ്ജറ്റ് വിഹിതമായി 500 കോടി രൂപ വകയിരുത്തിയിരുന്നതിൽ 359 കോടി രൂപ കൃഷി വകുപ്പ് ധനവകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ഉത്പാദനച്ചെലവും ജീവിതച്ചെലവും വർദ്ധിച്ച സാഹചര്യത്തിൽ റബറിന്റെ താങ്ങുവില ഉയർത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൻമേൽ കേന്ദ്രത്തിൽനിന്നും മറുപടി ഇതേ വരെ ലഭ്യമായിട്ടില്ല. |
| (സി) | റബറിന്റെ താങ്ങുവില 200 രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ? | |

Sreelatha

**സെക്ഷൻ ഓഫീസർ**